


കോഴിക്കോട്ട് നടന്ന ദേശീയ ബീച്ച് വോളിബോളിൽ വനിതാ വിഭാഗം കിരീടം നേടിയ കേരള ടീമിലെ മേരി അമിഷ ജോസഫ്, കെ.പി. ആതിര എന്നിവർ.

# ബീച്ച് വോളി: വനിതാ കിരീടം കേരളത്തിന്

**കോഴിക്കോട്** ● ദേശീയബീച്ച്‌വോളിബോൾ വനിതാ വിഭാഗത്തിൽ കേരളം ചാംപ്യൻമാരായി. ആന്ധ്രയെ പരാജയപ്പെടുത്തിയാണു കേരളം കിരീടം ചൂടിയത് (22-24, 27-25,16-10). പുരുഷവിഭാഗം ഫൈനലിൽ തമിഴ്നാടിനെ പരാജയപ്പെടുത്തി തെലങ്കാന ജേതാക്കളായി (21-15, 21-19).

## കെഎസ്ഇബിക്ക് ജയം

**ചെന്നൈ** ● ജോൺ സ്മാരക അഖിലേന്ത്യാ വോളിബോളിൽ തിരുവനന്തപുരം സായ് കെഎസ്ഇബി വനിതാ ജേതാക്കളായി. സെൻട്രൽ റയിൽവേയെ തോൽപിച്ചു (23-24, 27-25, 25-21, 18-25, 15-13).



കോഴിക്കോട്ട് നടന്ന ദേശീയ ബീച്ച് വോളിബോൾ ടൂർണമെന്റിൽ പുരുഷ വിഭാഗം ജേതാക്കളായ തെലങ്കാന ടീമിലെ രവീന്ദർ റെഡ്ഡിയും ചൈതന്യയും.



ദേശീയ ബീച്ച് വോളിബാൾ കിരീടം നേടിയ മേരി അമിഷ ജോസഫും കെ.പി. ആതിരയും

# ദേശീയ ബീച്ച് വോളി: കേരളത്തിന് കിരീടം

കോഴിക്കോട്: 16ാമത് ദേശീയ ബീച്ച്‌വോളിബാൾ ചാമ്പ്യൻഷിപ്പിന്റെ വനിതാ വിഭാഗത്തിൽ കേരളത്തിന് കിരീടം. മേരി അമീഷ ജോസഫ്- കെ.പി. ആതിര എന്നിവരടങ്ങിയ ടീമാണ് കിരീടം സ്വന്തമാക്കിയത്. ആന്ധ്ര പ്രദേശിന്റെ മഹേശ്വരി- മഹാലക്ഷ്മി സംഖ്യത്തെ കടുത്ത പോരാട്ടത്തിൽ മറികടന്നാണ് കേരളം ജയം നേടിയത്.

ആന്ധ്ര സഖ്യമാണ് ആദ്യ സെറ്റ് സ്വന്തമാക്കിയത് സ്കോർ: 20-22, തുടർന്ന് ഗാലറിയുടെ പിന്തുണയുടെ ആവേശത്തിൽ കരുത്ത് വീണ്ടെടുത്ത കേരളാ ടീം 27- 25ന് രണ്ടാം സെറ്റ് സ്വന്തമാക്കി. ടൈബ്രേക്കറിൽ ആന്ധ്ര സഖ്യത്തെ നിലം പരിശാക്കിയ ആതിരയും അമിഷയും 15-10ന് സെറ്റും കളിയും സ്വന്തമാക്കുകയായിരുന്നു.

BEACH VOLLEYBALL

# TN-1, Andhra-1 qualify for the knockouts

P.K. AJITH KUMAR

**KOZHIKODE:** On the eve of the senior National beach volleyball championship, Krishnam Raju was speaking about the challengers. "Tamil Nadu-1 is a strong team," he had said.

On Friday, the day two of the tournament, at the Kozhikode Beach, Raju and T. Naresh met V. Vivek Kumar & Vivek Raj in the preliminary league. Tamil Nadu-1 won 21-17, 24-22 in 50 minutes.

The two Viveks did play well, but their job was made easier by an injury to Raju. "I twisted my ankle in the first set," he said. "But, I have recovered and am fit for the pre-quarterfinals."

Tamil Nadu-1 and Andhra-1 have qualified for the knockout stage.

**The results (preliminary league): Men: Pool A:** Tamil Nadu-1 bt Andhra-1 21-17, 24-22; Tamil Nadu-1 bt Puducherry-1 21-12, 21-19.

**Pool B:** Telangana-1 bt Maharashtra 21-11, 21-13; Maharashtra bt Kerala-4 21-18, 19-21, 15-7.

**Pool C:** Goa-1 bt Bihar-1 21-16, 21-13; Bihar-1 21-16, 21-13 bt Puducherry-2 22-20, 21-15.

**Pool D:** Goa-2 bt Chhattisgargh-1 21-11, 21-10; Bihar-2 bt Chhattisgarh-1 21-17, 18-21, 15-10.

**Pool E:** Tamil Nadu-2 bt Telangana-2 21-11, 21-12; Telangana-2 bt Andhra-3 21-19, 21-15.

**Pool F:** Kerala-3 bt Rajasthan-2 21-18, 21-18; Andhra-2 bt Rajasthan-2 21-14, 21-15.

**Pool G:** Kerala-1 w/o Rajasthan-1.

**Pool H:** Kerala-2 bt Chhattisgarh-2 21-6, 21-9.

**Women: Pool C:** Chhattisgarh-1 bt Kerala-4 21-15, 21-19; Tamil Nadu-1 bt Maharashtra 23-21, 21-16.

**Pool D:** Telangana-1 bt Chhattisgarh-2 21-15, 21-19.



യു.പിക്കെതിരെ കേരളത്തിൻെറ റഹിമിൻെറ സ്മാഷ്

# ബീച്ച് വോളി: കേരള ടീമുകൾക്ക് ജയം

**കോഴിക്കോട്:** ദേശീയ ബീച്ച് വോളി ചാമ്പ്യൻഷിപ്പിൽ കേരള ടീമുകൾക്ക് ആദ്യ ജയം. പുരുഷവിഭാഗത്തിൽ അന്തർദേശീയ വോളി താരം കിഷോർകുമാറും കസ്റ്റംസ് താരം പി.പി. സുനിൽ കുമാറും ഉൾപ്പെട്ട കേരളത്തിൻെറ രണ്ടാം ടീം ഉത്തരാഖണ്ഡിനെയാണ് പരാജയപ്പെടുത്തിയത്(21-5, 21-8).

ഒന്നാം ടീം ഉത്തർപ്രദേശിനെ (21-5, 21-6) തോല്പിച്ചപ്പോൾ നാലാംടീം തെലങ്കാനയോടും (21-8, 21-17) മൂന്നാംടീം ആന്ധ്രാപ്രദേശിനോടും (22-20, 21-6) തോറ്റു. വനിതാ വിഭാഗത്തിൽ കെ.പി. ആതിര, അമിഷ എന്നിവരുൾപ്പെട്ട ഒന്നാം ടീം തെലങ്കാനയെയും (21-10, 21-10) രണ്ടാം ടീം പോണ്ടിച്ചേരിയെയും (21-8, 21-9) മൂന്നാം ടീം ഛത്തീസ്ഗഢിനെയും (21-15, 21-6) തോൽപ്പിച്ചു. നാലാം ടീം മഹാരാഷ്ട്രയോട് തോറ്റു (21-13, 21-18).




കോഴിക്കോട്ട് ആരംഭിച്ച ദേശീയ ബീച്ച് വോളിബോൾ ടൂർണമെന്റിൽ ഉത്തർപ്രദേശിനെതിരെ കേരളത്തിന്റെ റഹിമിന്റെ സ്മാഷ്. മൽസരം കേരളം ജയിച്ചു.

ചിത്രം: മനോരമ

# ബയേണിന് തോൽവി

മ്യൂണിക്ക്: ജർമൻ ബുണ്ടസ്ലീഗയിൽ വമ്പൻമാരായ ബയേൺ മ്യൂണിക്കിന് തോൽവി. ഒന്നിനെതിരേ രണ്ടു ഗോളുകൾക്ക് മെയ്ൻസിനോടാണ് ബയേൺ പരാജയപ്പെട്ടത്.

ജെയ്റോ സാംപെറിയോ, കോർഡോബ എന്നിവർ മെയ്ൻസിനായി ഗോൾ നേടി. ബയേണിന്റെ ഗോൾ ആര്യൻ റോബനാണ് സ്വന്തമാക്കിയത്.

അതേസമയം ഡാംസ്റ്റഡിനെ എതിരില്ലാത്ത രണ്ടു ഗോളിന് പരാജയപ്പെടുത്തി ബൊറൂസിയ ഡോർട്ട്മുണ്ട് കരുത്തുകാട്ടി. ജയത്തോടെ ബയേണുമായുള്ള പോയിന്റ് വ്യത്യാസം അഞ്ചാക്കി ചുരുക്കാനും ഡോർട്ട്മുണ്ടിന് സാധിച്ചു. അഡ്രിയാൻ റാമോസ്, എറിക് ഡറം എന്നിവർ ഡോർട്ട്മുണ്ടിന്റെ സ്കോറർമാർ.

മറ്റു മത്സരങ്ങളിൽ വെർഡർ ബ്രമൻ ഒന്നിനെതിരേ നാലു ഗോളുകൾക്ക് ബയേർ ലെവർകൂസനെയും ഹെർത്ത എതിരില്ലാത്ത രണ്ടു ഗോളിന് ഫ്രാങ്ക്ഫർട്ടിനെയും ഹൊഫൻഹെയിം ഒന്നിനെതിരേ രണ്ടു ഗോളിന് ഓഗ്സ്ബർഗിനെയും ഷാൽക്കെ രണ്ടിനെതിരേ മൂന്നു ഗോളുകൾക്ക് ഹാംബർഗറിനെയും പരാജയപ്പെടുത്തി.




കോഴിക്കോട് കടപ്പുറത്ത് ആരംഭിച്ച ദേശീയ ബീച്ച് വോളി ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗം മത്സരത്തിൽ തെലങ്കാനക്കെതിരെ കേരള താരം രാകേഷിന്റെ സ്മാഷ്.

ചിത്രം- സെയ്ദ് മുഹമ്മദ്